No. of Printed Pages : 7

**FML-01**

**BDP / BCA / BTS**

**Term-End Examination**

02264

**December, 2016**

# FML-01 : FOUNDATION COURSE IN MALAYALAM

*Time : 2 hours* *Maximum Marks : 50*

---

**സൂചനകൾ :**

(i) ചോദ്യം 1, **രണ്ടു** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക - ഓരോന്നിനും 10 മാർക്ക് വീതം.

(ii) ചോദ്യം 2, **മൂന്നു** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക - ഓരോന്നിനും 5 മാർക്ക് വീതം.

(iii) ചോദ്യം 3, തർജ്ജമ - ചോയ്സ് ഇല്ല - 5 മാർക്ക്.

(iv) ചോദ്യം 4, **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം - ഓരോന്നിനും 1 മാർക്ക് വീതം.

1. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് ഉപന്യാസ രീതിയിൽ ഉത്തരമെഴുതുക (ഏതെങ്കിലും **രണ്ടെണ്ണത്തിനു** മാത്രം) : *2×10=20*

(a) ഫീച്ചറുകളും ലേഖനങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണു് ? വിശദീകരിക്കുക. നിറം ചോരുന്ന ഉത്സവലഹരി എന്ന ഫീച്ചറിനെയടിസ്ഥാനമാക്കി ഉപന്യസിക്കുക.

(b) "ഇന്നു് ഞാൻ, നാളെ നീ" എന്ന കവിത പ്രതിപാദിക്കുന്ന വിഷയത്തെ അടിസ്ഥാനമാക്കി വർണ്ണിക്കുക.

(c) ധനശാസ്ത്രവും മറ്റു ഇതര മാനവിക ശാസ്ത്രങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും അവ ഒരു രാജ്യത്തിന്റെ വളർച്ചയും തളർച്ചയും നിയന്ത്രിക്കുന്നതിനു സാധ്യമാകുന്നു എന്ന വിഷയത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

(d) നാമങ്ങളോടു ചേരുന്ന പ്രത്യയങ്ങളും ക്രിയാധാതുവിനോടു ചേരുന്ന പ്രത്യയങ്ങളും ഏതെല്ലാം തരത്തിൽപ്പെട്ടവയാണെന്നു് വേർതിരിച്ചു വിശദീകരിക്കുക.

(e) “അവൻ വീണ്ടും വരുന്നു” എന്ന നാടകത്തിൽ മാത്തുക്കുട്ടിയുടെ തിരിച്ചുവരവിനെക്കുറിച്ച് അറിയുമ്പോൾ മാത്തുക്കുട്ടിയുടെ വീട്ടിലുള്ളവരുടെ മാനസികസ്ഥിതിയെ വിലയിരുത്തി അതിനുള്ള കാര്യകാരണങ്ങൾ പ്രതിപാദിച്ചു വിശദീകരിക്കുക.

2. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും **മൂന്നു** ചോദ്യങ്ങൾക്കു ഉത്തരമെഴുതുക : *3×5=15*

(a) നാടകത്തിന്റെ പ്രധാന ഘടകങ്ങൾ ഏവ ? വിശദീകരിക്കുക.

(b) “വാക്കുകൾ കൂട്ടിച്ചൊല്ലാൻ
വയ്യാത്ത കിടാങ്ങളേ,
ദീർഘദർശനം ചെയ്യും
ദൈവജ്ഞരല്ലോ നിങ്ങൾ !”
എന്നീ വാക്കുകളുടെ ഉൾപ്പൊരുൾ എന്താണെന്നു വർണ്ണിക്കുക.

(c) മനുഷ്യനും മത്സ്യത്തിനുമുള്ള കണ്ണുകളുടെ പ്രവർത്തന രീതിയെ വിശദീകരിച്ചു എഴുതുക.

(d) കുറിപ്പും പ്രാരൂപവും തമ്മിലുള്ള വ്യത്യാസമെന്താണു് ?

(e) മലയാള ഭാഷയുടെ വാക്യഘടനകൾ ഏതു രീതിയിലെന്നു് ഉദാഹരണസഹിതം വിശദീകരിക്കുക. അംഗ വാക്യവും അംഗി വാക്യവും തമ്മിലുള്ള വ്യത്യാസമെന്താണു് ?

(f) മനസ്സും മസ്തിഷ്കവും തമ്മിലുള്ള വ്യത്യാസമെന്താണു് ? വിശദീകരിക്കുക.

3. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക ഇംഗ്ലീഷിൽനിന്നും മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യുക : 5

Translate the following passage from English to Malayalam :

Use of language in science and technological studies has posed serious problems with regard to imparting knowledge, particularly the use of vernacular/regional languages as opposed to the use of English in science or technical education. It has very often been seen that the greatest impediment of regional languages in the case of science education is that the students prefer to use English in science education rather than the regional language. A student who has studied up to high school in a regional language medium finds it very difficult to cope up with the science education at the intermediate or plus two stage and further on, compared to an English medium student.

4. താഴെ കൊടുത്തിരിക്കുന്ന **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക : *10×1=10*

(a) ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

(i) പ്രകൃതിയും പ്രത്യയവും തമ്മിലുള്ള വ്യത്യാസമെന്ത് ? ഉദാഹരണസഹിതം വിവരിക്കുക.

(ii) ആഗമ സന്ധിയെന്നാലെന്ത് ? ഉദാഹരണസഹിതം വിശദീകരിക്കുക.

(iii) "കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കുക" എന്ന പ്രയോഗം വിപുലനം ചെയ്യുക.

(iv) "പാരതന്ത്ര്യം മാനികൾക്കു മൃതിയെക്കാൾ ഭയാനകം" എന്നീ പദ്യഭാഗത്തിന്റെ അർത്ഥമെഴുതുക.

(v) വിനിമയ മൂല്യമെന്നാലെന്ത് ?

(b) ആവരണങ്ങളിൽ
കൊടുത്തിട്ടുള്ളവയിൽനിന്നു്
തിരഞ്ഞെടുത്ത് പൂരിപ്പിക്കുക :

(i) എം.ടി. വാസുദേവൻ നായർ
രചിച്ച ഒരു പ്രധാനപ്പെട്ട
കൃതിയാണു് __________ .
(രണ്ടിടങ്ങഴി, നാലുകെട്ട്,
ഓടയിൽനിന്നു് )

(ii) "ലങ്കാലക്ഷ്മി" എന്ന നാടകം
രചിച്ചതു് ________ ആണു്.
(സി.എൻ. ശ്രീകണ്ഠൻ നായർ,
സി.ജെ. തോമസ്,
പ്രൊ. എൻ. കൃഷ്ണപിള്ള)

(iii) മാംസപേശിയെ അസ്ഥിയുമായി
ബന്ധിപ്പിക്കുന്ന വസ്തുവിനെ
__________ എന്നു പറയുന്നു.
(പ്ളീഹ, സ്നായു, തലച്ചോറു് )

(iv) പൂച്ചകളും നായകളും രാത്രി കൃഷ്ണമണി ___________ .
(സങ്കോചിപ്പിക്കുന്നു, വികസിപ്പിക്കുന്നു, അടയ്ക്കുന്നു)

(v) കരയിലും വെള്ളത്തിലുമായി ജീവിക്കുന്നവയെ ________ എന്നു പറയുന്നു.
(കശേരുമൃഗങ്ങൾ, ഉഭയവാസികൾ, സസ്തനങ്ങൾ)